കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന അഴിമതി

135 [592] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതി കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇവരിൽ ആരെങ്കിലും കാസർഗോഡ് ജില്ലയിലെ ഏതെങ്കിലും സഹകരണ സ്ഥാപനത്തിന്റെ ഔദ്യോഗിക പദവിയിൽ ഉണ്ടോ ;

(ഡി) എങ്കിൽ ഏത് സ്ഥാപനത്തിൽ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നടന്ന ഉദ്യോഗസ്ഥ നിയമനവുമായി ബന്ധപ്പെട്ട അഴിമതിയെപ്പറ്റി പോലീസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കയാണ്.

(ബി) പേരു വിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു. †

(സി) ഉണ്ട്.

(ഡി) വിശദവിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

സംസ്ഥാന സഹകരണ ബാങ്ക് സ്കൈബ്ലൂ എന്ന സ്വകാര്യ സ്ഥാപനവുമായി ചേർന്നുണ്ടാക്കിയ ധാരണ

136 [593] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് സ്കൈബ്ലൂ എന്ന സ്വകാര്യ സ്ഥാപനവുമായി ചേർന്ന് വിദ്യാഭ്യാസ വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ വായ്പ ലഭ്യമാക്കി കൊടുക്കാമെന്ന് ഉറപ്പ് നൽകി ഈ സ്ഥാപനം പ്രൊഫഷണൽ വിദ്യാർത്ഥികളെ കബളിപ്പിച്ചതായുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) കുട്ടികളെ കബളിപ്പിച്ചതായി പറയുന്ന ഈ സ്ഥാപനവുമായി ബന്ധപ്പെട്ട് സംസ്ഥാന സഹകരണ ബാങ്കോ, ഇതര സർക്കാർ ഏജൻസികളോ എന്തെങ്കിലും ഇടപാടുകൾ ഉണ്ടാക്കിയിട്ടുണ്ടോ എന്ന് വിശദമായി അന്വേഷിക്കുമോ ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏതെങ്കിലും സ്വകാര്യ സ്ഥാപനവുമായി ചേർന്ന് വിദ്യാഭ്യാസ വായ്പ നൽകാൻ സംസ്ഥാന സഹകരണ ബാങ്ക് ധാരണ ഉണ്ടാക്കിയിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

(ഇ) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ബാങ്കിൽ നിന്നും പണം പിൻവലിച്ചത് സംബന്ധിച്ച്

137 [594] ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് എത്ര ശാഖകളുണ്ട് ; എവിടെയെല്ലാമാണ് ;

(ബി) പ്രസ്തുത ബാങ്കിന്റെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ശാഖയിൽ 283-ാം നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരുടെ പേരിലുള്ളതാണ് ;

(സി) പ്രസ്തുത അക്കൗണ്ടിൽ നിന്ന് 27-3-2003-നോ 28-3-2003-നോ പണം പിൻവലിക്കാൻ ചെന്ന അക്കൗണ്ട് ഹോൾഡറോട് ബ്രാഞ്ച് മാനേജർ അപമര്യാദയായി പെരുമാറിയതിൽ പ്രതിഷേധിച്ച് 1100 രൂപ കൈപ്പറ്റാതെ പോയിട്ടുണ്ടോ ;

(ഡി) ഇതേപ്പറ്റി 28-3-2003-ൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റിന് നൽകിയ പരാതിയിന്മേൽ എന്ത് നടപടിയെടുത്തു ; പ്രസ്തുത തുക എന്ത് ചെയ്തുവെന്ന് 283-ാം നമ്പർ അക്കൗണ്ടുകാരനെ അറിയിച്ചുവോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഇ) ആ തുക ആര് കൈപ്പറ്റി ; പ്രസ്തുത തുകയെപ്പറ്റി ബന്ധപ്പെട്ട അക്കൗണ്ടുകാരനെ അറിയിക്കാത്ത ബാങ്ക് മാനേജരുടെമേൽ എന്ത് നടപടി എടുത്തു ?

ഉത്തരം

(എ) ഒൻപത് ശാഖകളുണ്ട്. അവ താഴെപറയുംപ്രകാരമാണ് :

1. ഹെഡ് ഓഫീസ് ബ്രാഞ്ച്, പി.എം.ജി.
2. കൈതമുക്ക് ബ്രാഞ്ച്.
3. കരമന ബ്രാഞ്ച്.
4. മെഡിക്കൽ കോളേജ് ബ്രാഞ്ച്.
5. ഓവർ ബ്രിഡ്ജ് ബ്രാഞ്ച്.
6. പൂജപ്പുര ബ്രാഞ്ച്.
7. സ്റ്റാച്യു ബ്രാഞ്ച്.
8. വഴുതക്കാട് ബ്രാഞ്ച്.

LIBRARY ARCHIVES Kerala Legislative Assembly